# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.474 03.03.2020- ൽ മറുപടിക്ക്

## യുവസംരംഭകർക്ക് അവസരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. കെ.യു. ജനീഷ് കുമാർ<br>ശ്രീ. കെ.ജെ. മാക്സി | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് യുവസംരംഭകർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വ്യവസായ നയത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, യുവജനങ്ങളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്ന തരത്തിൽ അവരുടെ സാങ്കേതിക വൈദഗ്ധ്യത്തിന് മൂല്യവർദ്ധന ഉണ്ടാക്കുക എന്നിവയാണ് വ്യവസായ നയത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. നിലവിലുള്ള വ്യവസായങ്ങളെ പരിപോഷിപ്പിച്ചും പൊതു സ്വകാര്യമേഖലകളിൽ ആധുനിക വ്യവസായ സംരംഭങ്ങൾ ആരംഭിച്ചും ഈ ലക്ഷ്യം കൈവരിക്കാനാവും. കേരളത്തെ സമ്പൂർണ്ണ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനുമുള്ള ഫലപ്രദവും ക്രിയാത്മകവുമായ നടപടികളാണ് വ്യവസായ വാണിജ്യ നയം മുന്നോട്ട് വയ്ക്കുന്നത്. അതോടൊപ്പം പരമ്പരാഗത വ്യവസായങ്ങളെ പൂർണ്ണമായും സംരക്ഷിക്കും. പരിസ്ഥിതി സൗഹൃദവും പ്രകൃതി വിഭവങ്ങളുടെ ന്യായമായ ഉപഭോഗം ഉറപ്പുവരുത്തുന്നതുമാണ് ഈ നയം. |
| ബി) സർക്കാർ മേഖലയിലെന്നപോലെ സ്വകാര്യമേഖലയിലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും അതിവേഗം ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ "2018 -ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്" സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനം കേരള സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി "K-SWIFT" പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2019 -ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമ സഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമ പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ - സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതി യാകുന്നതാണ് |
| സി) | വിദ്യാർത്ഥികളിൽ സംരംഭകത്വ താൽപ്പര്യങ്ങൾ വളർത്തിയെടുക്കുന്നതിനായി വിദ്യാലയങ്ങളിൽ സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | സി) | സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലകളിൽ ഇ.ഡി ക്ലബ്ബുകൾ (Entrepreneur Development Club) രൂപീകരിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇഡി ക്ലബ്ബുകൾക്ക് 20000 രൂപ അനുവദിച്ച് വരുന്നുണ്ട്. |
| ഡി) | ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഇൻകുബേറ്റർ കേന്ദ്രങ്ങളും സ്റ്റാർട്ടപ്പുകളും പ്രയോജനപ്പെടുത്തുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | ഡി) | സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകി വരുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്. ഈ സംവിധാനം വഴി ജില്ലാ വ്യവസായ കേന്ദ്രങ്ങളെ സമീപിക്കുന്ന യുവാക്കൾ ഉൾപ്പെടെയുള്ള എല്ലാ സംരംഭകർക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |

Anilkumar

**സെക്ഷൻ ഓഫീസർ**